# Galantamine

പേര് (Generic) : ഗേലാന്റമീൻ ( Galantamine )

Common Brand Names : Galamer

General category: Cholinesterase inhibitors

ചരിത്രം :
1989 മുതൽ ലോകവ്യാപകമായി ഉപയോഗിച്ചുവരുന്ന മേധാക്ഷയചികിത്സാ മരുന്നുകളിലെ ഒരു പ്രധാന ഗ്രൂപ്പ് ആണ് cholinesterase inhibitors . ഇവ തലച്ചോറിലെ പ്രത്യേക സംവേദന തന്ത്രികളിൽ അസറ്റയിൽ കോളിൻ കൂട്ടുന്നു. ഈ മരുന്ന് ജനറിക് ആയി ലഭ്യമാണ്. (വ്യത്യസ്ത കമ്പനികൾ ഈ മരുന്നുണ്ടാക്കി മാർക്കറ്റിൽ ലഭ്യമാക്കുന്നു).

പ്രധാന ഉപയോഗം എന്താണ് ?
ഡിമെൻഷ്യ അഥവാ മേധാക്ഷയം ( മറവി രോഗം)

എങ്ങനെയാണ് ഈ മരുന്ന് പ്രവർത്തിക്കുന്നത് ?
മരുന്ന് രക്തത്തിലൂടെ തലച്ചോറിൽ എത്തുന്നു . ഓർമ്മകളുടെയും പ്രവർത്തികളുടേയും അടിസ്ഥാനമായ തലച്ചോറിലെ സർക്യൂട്ടുകളിൽ മരുന്ന് മാറ്റങ്ങൾ വരുത്തുന്നു. ഈ മാറ്റങ്ങൾ മറവി രോഗം വഷളാകുന്നത് ഒരു പരിധി വരെ തടയാൻ സഹായിക്കുന്നു.

കഴിക്കും മുൻപ് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?
ഈ മരുന്നു കഴിച്ച് എന്തെങ്കിലും അലർജിയോ കഠിനമായ പാർശ്വഫലങ്ങളോ പണ്ടുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം ഡോക്ടറോട് പറയണം. ഹൃദയ രോഗങ്ങൾ ഉള്ളവർ ഇക്കാര്യം ചർച്ച ചെയ്യണം. വൃക്കയുടെയും കരളിന്റെയും പ്രവർത്തനം തകരാറിലായവരിൽ അളവ് കുറക്കേണ്ടി വരുമെന്ന് ഓർമിക്കണം .

ഈ മരുന്ന് നിർദ്ദേശിക്കുന്നതിനു മുൻപേ നിങ്ങളുടെ ഡോക്ടർ എന്തൊക്കെ വിലയിരുത്തും ?
നിങ്ങളുടെ ശാരീരിക ആരോഗ്യം ഡോക്ടർ വിലയിരുത്തും. നിങ്ങൾ കഴിക്കുന്ന മറ്റു മരുന്നുകളും ഡോക്ടർ വിശകലനം ചെയ്യും. ഹൃദ്രോഗം, കരളിന്റെയോ വൃക്കയുടെയോ പ്രവർത്തനത്തിൽ തകരാർ എന്നിവ ഉള്ളവരിൽ മരുന്നു തുടങ്ങുന്നതിനു മുൻപേ

© Institute for Mind and Brain (Inmind), Thrissur: 04884239000.

പ്രത്യേക പരിശോധനകൾ ആവശ്യമായി വന്നേക്കാം .

ഈ മരുന്ന് കഴിക്കാൻ തുടങ്ങുന്നത് ഒട്ടും അഭികാമ്യമല്ലാത്തതു എപ്പോൾ?

1. മരുന്നിനോട് പ്രത്യേക അലർജിയുണ്ടെങ്കിൽ.
2. ഹൃദയ പ്രവർത്തനത്തിൽ വ്യത്യാസം വരുത്തുന്ന മറ്റു മരുന്നുകൾ കഴിക്കുന്നവരിലും ചില പ്രത്യേക ഹൃദയ പ്രശ്നങ്ങൾ ഉള്ളവരിലും.
3. ആമാശയത്തിലോ കുടലിലോ അൾസർ രോഗമുള്ളവരിൽ

മരുന്നിന്റെ ഡോസ് എങ്ങനെയാണ് ?

4 mg മുതൽ 8 mg നിത്യേനയാണ് സാധാരണ ഡോസ്. ഒരു നേരമോ രണ്ടു നേരമോ ആയി നൽകാം.

ഈ മരുന്ന് എതെല്ലാം രൂപത്തിൽ ലഭ്യമാണ് ?

ഗുളിക രൂപത്തിലാണ് സാധാരണ ലഭിക്കാറുള്ളത് . ദ്രാവകരൂപത്തിലും ലഭ്യമാണ്.

സാധാരണ കഴിക്കുന്ന രീതി എന്താണ് ?

ഈ മരുന്ന് ദിവസത്തിൽ ഒരു നേരമോ രണ്ടു നേരമോ ആയിട്ടാണ് സാധാരണ കഴിക്കുക. ഭക്ഷണത്തിന്റെ കൂടെയോ അല്ലാതെയോ കഴിക്കാം.

സാധാരണ പാർശ്വഫലങ്ങൾ എന്തൊക്കെ ?

താരതമ്യേന പാർശ്വഫലങ്ങൾ കുറഞ്ഞ മരുന്നാണു ഇത്. ഭൂരിഭാഗവും ആളുകൾ യാതൊരു പാർശ്വഫലവും അനുഭവപെട്ടതായി അറിയിക്കാറില്ല . ഈ മരുന്ന് ആരംഭിച്ച ആദ്യത്തെ ഒരു ആഴ്ചയ്ക്കകം വിശപ്പുകുറയൽ , ഛർദ്ദിക്കുള്ള പ്രവണത, നെഞ്ചരിച്ചിൽ, തലവേദന , തലചുറ്റൽ എന്നിവ പലപ്പോഴും കാണാം. എന്നാൽ കുറച്ചുദിവസത്തിനകം തന്നെ ഇവ മെച്ചപ്പെടാറുണ്ട്.ചുരുക്കം ചിലർക്ക് ഉറക്കം വരാൻ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട് .

ഡോക്ടറെ ഉടൻ അറിയിക്കേണ്ട സന്ദർഭങ്ങൾ എന്തൊക്കെ ?

1. ശാരീരികമായ കടുത്ത അസ്വസ്ഥതകൾ .
2. മരുന്ന് തുടങ്ങി അധികം കഴിയാതെ കടുത്ത ചൊറിച്ചിൽ, വായക്ക് അകവും പുറവും തൊലി ചുവന്നുവരിക, തൊലി പൊട്ടുക തുടങ്ങിയവ കണ്ടാൽ ഉടൻ ഡോക്ടറെ കാണുക. ഇത് മരുന്നിനോടുള്ള അലർജി ആവാം.
3. വയറിന്റെ അസ്വസ്ഥതകൾ കൂടുതലാണെങ്കിൽ ഡോക്ടറെ അറിയിക്കേണ്ടതാണ്.

സാധാരണ പാർശ്വഫലങ്ങൾ കണ്ടാൽ എന്ത് ചെയ്യണം ?

സാധാരണയായി കാണുന്നവ ( ക്ഷീണം , മനം പിരട്ടൽ, വയറിനകത്തു

© Institute for Mind and Brain (Inmind), Thrissur: 04884239000.

അസ്വസ്ഥതകൾ , തലവേദന ) കുറച്ചു ദിവസങ്ങൾക്കുള്ളിൽ കുറയുകയും അപ്രത്യക്ഷമാവുകയും ചെയ്യും. ശരീരം മരുന്നിനോട് പൊരുത്തപെടുവാൻ ചിലപ്പോൾ കുറച്ചു ദിവസങ്ങൾ എടുത്തേക്കാം. അങ്ങനെ കുറയുന്നില്ല എങ്കിൽ ചിലപ്പോൾ ഡോസ് കുറക്കേണ്ടി വരും. ചിലപ്പോൾ അനുഭവപെടുന്ന പ്രയാസങ്ങൾ മാനസിക പ്രശ്നത്തിന്റെ തന്നെ ഭാഗമാണോ എന്നും നോക്കണം . തുടർച്ചയായി ബുദ്ധിമുട്ടുണ്ടാക്കുന്ന പാർശ്വഫലങ്ങളും കടുത്ത തോതിലുള്ളവയും ഡോക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരണം .

## കഴിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഭക്ഷണം മരുന്നിനെ ബാധിക്കില്ല . മദ്യം ഒഴിവാക്കണം. നിർദ്ദേശിച്ച അളവിൽ മാത്രം മരുന്ന് കഴിക്കുക. പ്രമേഹം ഉള്ളവരിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് കൂടുതൽ ശ്രദ്ധിക്കണം. ഈ മരുന്നിന്റെ ഉപയോഗം പെട്ടന്ന് നിർത്തിക്കൂടാ. മരുന്ന് നിർത്തുന്നത് ഡോക്ടറുടെ ഉപദേശ പ്രകാരം ഡോസ് ക്രമേണ കുറച്ചു തന്നെയായിരിക്കണം .അല്ലാത്തപക്ഷം കടുത്ത ശാരീരികാസ്വസ്ഥതകളും ഉത്കണ്ഠയും അനുഭവപ്പെട്ടേക്കാം.

## മരുന്ന് സൂക്ഷിക്കേണ്ട വിധം

2 5 ഡിഗ്രിക്ക് താഴെയുള്ള താപനിലയിൽ സൂക്ഷിക്കുക.

## എത്ര കാലം മരുന്ന് കഴിക്കണം ?

ഡോക്ടർ പറയാതെ നിർത്തരുത് . മിക്കവാറും നീണ്ട കാലം കഴിക്കേണ്ടി വരും .ഈ മരുന്ന് കൊണ്ട് പ്രതീക്ഷിച്ച ഗുണം കിട്ടിയില്ലെങ്കിൽ അക്കാര്യം ഡോക്ടറുമായി ചർച്ച ചെയ്യുക.

## ഈ മരുന്ന് ഉപയോഗിക്കുന്നവർ ഇതിനു ' അഡിക്റ്റ്ഡ് ' ആകുമോ ?

ഇത് വളരെ സാധാരണമായ സംശയം തന്നെയാണ് . ഈ മരുന്ന് ഉപയോഗിക്കുന്നത് വഴി അതിനു 'അഡിക്റ്റ്ഡ്' ആകുവാൻ സാദ്ധ്യതയില്ല എന്നത് ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. എങ്കിലും ഈ മരുന്ന് നിർത്തുന്നത് ഡോക്ടറുടെ ഉപദേശ പ്രകാരം ഡോസ് ക്രമേണ കുറച്ചു തന്നെയായിരിക്കണം .

## ഈ മരുന്ന് എനിക്ക് സ്വയം ഉപയോഗിക്കാമോ ?

വൈദ്യോപദേശ പ്രകാരം മാത്രം ഉപയോഗിക്കപ്പെടേണ്ട ഒരു ' prescription only ' മരുന്നാണ് ഇത്. ഈ മരുന്ന് ഉപയോഗിക്കുന്നതിന്റെ ഔചിത്യം, യുക്തി, ശാരീരികമാനസിക ഫലങ്ങൾ പാർശ്വഫലങ്ങൾ എന്നിവ വിശദമായി വിലയിരുത്തി മാത്രമായിരിക്കും ഡോക്ടർ ഇത് നിർദ്ദേശിക്കുന്നത് .

© Institute for Mind and Brain (Inmind), Thrissur: 04884239000.